"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് - 2009-10 മുതൽ വിവിധ വർഷങ്ങളിലെ പദ്ധതി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും നിലവിൽ ഉപയോഗപ്പെടുത്താത്തതുമായ കെട്ടിടത്തിൽ സമന്വയ മൾട്ടി സെൻസറി പാർക്ക് എന്ന ഭിന്നശേഷി സൗഹൃദ പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1691/2024/LSGD തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:-

1. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.09.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.08.2023 ലെ 3(1)-ാം നമ്പർ തീരുമാനവും
2. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.03.2024-ലെ B - 2525/2023 -ാം നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.19

**<u>ഉത്തരവ്</u>**

ഭിന്നശേഷി കുട്ടികൾക്ക് സൗകര്യപ്രദമായി എത്തിപ്പെടാനും സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി 6 പ്രോജക്ടുകൾ നടപ്പാക്കി നിർമ്മിച്ചിട്ടുള്ളതും നിലവിൽ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയാത്തതുമായ കെട്ടിടത്തിൽ, ഫർണിഷിംഗ് / മോഡിഫൈ ചെയ്ത്, സമന്വയ മൾട്ടി സെൻസറി പാർക്ക് എന്ന പേരിൽ ഭിന്നശേഷി സൗഹൃദ പ്രോജക്ട് നടപ്പാക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് വിവിധ തെറാപ്പികൾക്ക് പുറമേ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കായികശേഷി വികസനത്തിനും കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസലിംഗ് സൗകര്യം ഒരുക്കുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. സർവ്വശിക്ഷാ അഭിയാന് കീഴിൽ ജില്ലയിൽ നടന്നു വരുന്ന ഈ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനും ബി.ആർ.സി വഴി ഭിന്നശേഷി പുനരധിവാസ സേവനം കാര്യക്ഷമമായി നൽകുന്നതിനും സഹായകമാണ്. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് മുൻവർഷ പദ്ധതി ഫണ്ടുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചതും എന്നാൽ നിർദിഷ്ട ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നതിനാൽ പ്രവർത്തന രഹിതമായിട്ടുള്ളതുമായ കെട്ടിടങ്ങൾ സമന്വയ മൾട്ടി സെൻസറി പാർക്ക് നടത്തിപ്പ് ആവശ്യത്തിലേക്ക് നിയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ഉഴവൂർ ബ്ലോക്ക്

പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. കുറവിലങ്ങാട് BRC പരിധിയിലും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെയും ചേർത്ത് ആകെ 700 കുട്ടികൾക്ക് ഈ സെന്ററിന്റെ പ്രയോജനം ലഭിക്കുമെന്നും ഈ സെന്ററിലേയ്ക്ക് ആവശ്യമുള്ളവരെ BRC നിയമിക്കുന്നതാണ് എന്നും ജീവനക്കാർക്കുള്ള വേതനം BRC, SSK നൽകുമെന്നും ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് സ്വയം പര്യാപ്തത കൈവരിക്കുന്നതിന് 'പിങ്ക് കഫേ' എന്ന പേരിൽ ഒരു കഫത്തേരിയ ആരംഭിക്കുന്നുണ്ട് എന്നും പാർക്കിന്റെ ഭൗതിക സൗകര്യം ഒരുക്കുന്നതിന് BRC ഫണ്ടു നൽകുന്നതാണ് എന്നും ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ CDPO, BRC, SSK ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയും രൂപീകരിക്കുന്നുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം 2 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2009-10 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിൽ വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച, പട്ടിത്താനം വനിതാ സ്വയംതൊഴിൽ ഉത്പന്ന വിപണന കേന്ദ്രം, പട്ടികജാതി സ്വയംതൊഴിൽ പരിശീലന ഉത്പന്ന വിതരണ കേന്ദ്രം, കാണക്കാരി കാർഷിക വിജ്ഞാനകേന്ദ്രം (61/2013), കാണക്കാരി കാർഷിക വിജ്ഞാന കേന്ദ്രം (6/2014), കാണക്കാരി വനിതാ സ്റ്റാൾ നിർമ്മാണം, കാണക്കാരി പട്ടിത്താനം മാർക്കറ്റ് സ്റ്റാൾ - തുടങ്ങിയ കെട്ടിടങ്ങൾ ഉപയോഗിക്കാതെ കിടക്കുകയാണെന്നതും മൾട്ടി സെൻസറി പാർക്കിന്റെ ആവർത്തന ചെലവ് BRC, SSK മുഖേനയാണ് കണ്ടെത്തുന്നത് എന്നതും പരിഗണിച്ച്, മേൽ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി മൾട്ടി സെൻസറി പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് പദ്ധതി ഏറ്റെടുക്കാൻ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ബ്ലോക്ക് പഞ്ചായത്തിലെ RRF ഉം ഗ്രാമപഞ്ചായത്തുകളിലെ MCF ഉം കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നതെന്നും ഇതിനു മതിയായ സ്ഥലമുണ്ടെന്നും ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം - 686633
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം
4. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോട്ടയം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
7. ഡയറക്ടർ ജനറൽ, കില
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 12-09-2024 15:01:05

സെക്ഷൻ ഓഫീസർ